# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5046** — **15.11.2019 ൽ മറുപടിയ്ക്ക്**

**അടുക്കളത്തോട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) കേരളത്തിലെ വീടുകളിൽ അടുക്കളത്തോട്ടങ്ങൾ വർദ്ധിപ്പിച്ച് പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; പദ്ധതികൾ നിലവിലുണ്ടെങ്കിൽ വിശദമാക്കാമോ;

എ) കേരളത്തിലെ വീടുകളിൽ അടുക്കളത്തോട്ടങ്ങളുടെ നിർമ്മാണത്തിനും നമുക്ക് ആവശ്യമായ പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതിയിൽ മുഖ്യ ഘടകങ്ങളായി "വീട്ടുവളപ്പിലെ പച്ചക്കറി കൃഷി/ഓണത്തിന് ഒരു മുറം പച്ചക്കറി, മട്ടുപ്പാവിലെ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

**<u>വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി/ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി-</u>**

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി തൈകളും, സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇതിനായി 10 കോടി രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു. മാധ്യമങ്ങൾ മുഖേന 120 ലക്ഷം രൂപയുടെ പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴിയും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ. കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**മട്ടുപ്പാവ് കൃഷി/ ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി**

സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യസംരക്ഷണ ഉപാധികളും കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 39000 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 585 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200/- രൂപ സബ്സിഡി നൽകി വരുന്നു. ഇതിലേയ്ക്കായി നടപ്പ സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണത്തിനായി ചെറുകിടമണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയും വീടുകളിലും, ഫ്ലാറ്റുകളിലും ഉള്ള മലിന ജലം സംസ്കരിച്ച് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ചെറുകിട ഉള്ളിനന/ തിരിനന/യൂണിറ്റുകൾ സ്ഥാപിച്ചും റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ചും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ബി) സൗജന്യ നിരക്കിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് പച്ചക്കറി കൃഷി വ്യാപകമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിദ്യാലയങ്ങൾ വഴി വിത്തുകൾ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കുമോ;

ബി)

അടുക്കളത്തോട്ടങ്ങൾ/ വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും,160 ലക്ഷം പച്ചക്കറി തൈകളും, സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. മാധ്യമങ്ങൾ മുഖേന 120 ലക്ഷം രൂപയുടെ പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴിയും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ,

കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

തിരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറികൃഷി ചെയ്യുന്നതിനും, ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തിരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചിലവായും നൽകി വരുന്നു, 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. ഈ സാമ്പത്തിക വർഷം ഇതിലേയ്ക്കായി 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഘടകത്തിൽ 170 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| സി) നല്ലയിനം പച്ചക്കറി വിത്തുകൾ കൂടുതലായി ഉത്പാദിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | സി) | ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം പച്ചക്കറിവിത്തുകൾ, തൈകൾ എന്നിവ 33 സംസ്ഥാന വിത്തുല്പാദന |

കേന്ദ്രങ്ങൾ, 13 സ്പെഷ്യൽ ഫാമുകൾ, 9 ജില്ല കൃഷിത്തോട്ടങ്ങൾ, 8 കോക്കനട്ട് നഴ്സറികൾ എന്നിവ മുഖേന ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ ഉത്പാദിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**1. സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിലൂടെ പച്ചക്കറി വിത്ത്/തൈകൾ എന്നിവയുടെ ഉത്പാദനം:** പ്രധാനമായും നെൽവിത്തും , പച്ചക്കറി വിത്തും, തൈകളുമാണ് സംസ്ഥാനത്തുള്ള 33 വിത്തുല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഇത്തരത്തിൽ രണ്ട് ഫാമുകൾ വീതമുണ്ട്. പാലക്കാട് ജില്ലയിൽ അഞ്ചും, മലപ്പുറം ജില്ലയിൽ മൂന്നും, തൃശ്ശൂർ ജില്ലയിൽ ആറും, ഇടുക്കി ജില്ലയിൽ ഒന്നും വിത്തുല്പാദന കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

**2. നടീൽ വസ്തുക്കളുടെ ഉത്പാദനം (കുരുമുളക് തൈകൾ ഉൾപ്പെടെ):** സംസ്ഥാനത്തെ 9 ജില്ലാ ഫാമുകളിലൂടെയും, 13 സ്പെഷ്യൽ ഫാമുകളിലൂടെയും ഗുണമേന്മയുള്ള വിവിധയിനം പച്ചക്കറി തൈകൾ, തൈകൾ എന്നിവയുടെ ഉത്പാദനവും വിതരണവും നടത്തി വരുന്നു.

**നല്ലയിനം പച്ചക്കറി വിത്തുകൾ കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. മുഖേനേ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

1. <u>പച്ചക്കറി വിത്തുൽപാദന പദ്ധതി.</u>

ജനിതക ശുദ്ധിയും ഉല്പാദന ക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ യുടെ കീഴിൽ ഒരു സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. ഈ വിത്ത് സംസ്കരണ ശാലയിലെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്.

**2. <u>നാടൻ/ പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപാദനവും വിതരണവും:</u>**

ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തിരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിയും കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2018 സാമ്പത്തിക വർഷം 28 ഓളം നാടൻ ഇനങ്ങളുടെ പ്രദർശനതോട്ടം ഒരുക്കുകയും അവയിൽ നിന്നും ആവശ്യകത ഏറെയുള്ള ഇനങ്ങൾ തിരഞ്ഞെടുത്ത് വിത്തുൽപാദനത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ